**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5116** **20-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കെട്ടിടനിർമ്മാണം അടക്കമുള്ള വിഷയങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മാണത്തിനായി ടി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ കൈവശത്തിലുള്ള പുതിയങ്ങാടി ദേശം ടി.എസ്. നമ്പർ 1-1-3 ൽ ഉൾപ്പെടുന്ന 5 സെന്റ് ഭൂമി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന് പരിശോധിച്ച് വരുന്നു. |
| (ബി) | ഇല്ലെങ്കിൽ സ്ഥലം ലഭ്യമാക്കി പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | മേൽ പരാമർശിച്ച ഭൂമി അനുയോജ്യമാണെന്ന് കാണുന്ന പക്ഷം ആയത് നടപടിക്രമങ്ങൾ പാലിച്ച് നിർമ്മാണത്തിനായി ലഭ്യമാക്കുവാൻ കഴിയുന്നതാണ്. അല്ലാത്തപക്ഷം അനുയോജ്യമായ ഭൂമി കണ്ടെത്തി ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ